## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**

**നിയമസഭാ ചോദ്യം നം : 6365** 08.11.2016 ലെ മറുപടിക്ക്

## എ. ബി. സി. സർട്ടിഫിക്കറ്റുള്ള കേഡറ്റുകൾക്ക് വെയിറ്റേജ് മാർക്ക്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. യു.ആർ. പ്രദീപ് : | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) എ. ബി. സി. സർട്ടിഫിക്കറ്റ് കരസ്ഥമാക്കിയ എൻ.സി.സി. കേഡറ്റുകൾക്ക് പി.എസ്.സി. മുഖേനയുള്ള ഏതെല്ലാം തസ്തികകളിലെ നിയമനങ്ങൾക്കാണ് വെയിറ്റേജ് മാർക്ക് നൽകിവരുന്നത് ; | (എ) സംസ്ഥാനത്തെ പോലീസ്, ഫോറസ്റ്റ്, ജയിൽ, ഫയർഫോഴ്സ്, എക്സൈസ് എന്നീ വകുപ്പുകളിലെ യൂണിഫോം തസ്തികയിലെ നിയമനങ്ങൾക്കാണ് വെയിറ്റേജ് മാർക്ക് നൽകി വരുന്നത്. |
| (ബി) അത് എത്ര ശതമാനം നൽകുന്നുണ്ട് ; ഇതു സംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ ; | (ബി) 'എ' സർട്ടിഫിക്കറ്റിന് 2%, 'ബി' സർട്ടിഫിക്കറ്റിന് 3% 'സി' സർട്ടിഫിക്കറ്റിന് 5% എന്നിങ്ങനെയാണ് വെയിറ്റേജ് മാർക്ക് നൽകുന്നത്. |
| (സി) മികച്ച ട്രെയിനിങ്ങും അച്ചടക്ക ബോധവും കരസ്ഥമാക്കിയതിന്റെ അടിസ്ഥാനത്തിലാണ് എൻ.സി.സി. കേഡറ്റുകൾക്ക് എ. ബി. സി സർട്ടിഫിക്കറ്റുകൾ നൽകുന്നത് എന്നത് കണക്കിലെടുത്ത്, ഇത്തരക്കാരെ സിവിൽ സർവ്വീസിലേക്ക് ആകർഷിക്കുന്നതിനായി പി.എസ്.സി. മുഖേന നിയമനം നടത്തുന്ന എല്ലാ തസ്തികകളിലേയ്ക്കും വെയിറ്റേജ് മാർക്ക് നൽകുന്നതിന് നടപടി സ്വീകരിക്കുമോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ? | (സി) ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ